One way in which Amnesty International seeks to give public expression to its impartiality is by applying the principle of balance to its work. Each group in Amnesty International's worldwide network is allotted at least two prisoners, who come from countries with different political systems or who hold different political or religious beliefs. The selection of the prisoners of the month to be featured in each Amnesty International News letter adheres to a similar balancing of political and ideological persuasions. However, when Amnesty International gets a significant amount of verifiable information about arbitrary detention, torture of executions in one country and very little that can be verified in another, considered to be an ideological opposite, it does not refrain from reporting what it does known in order to give the appearance of being balanced.

**Full independence in policy and finance**

Amnesty International has always been an independent organization. It is beholden to no state or group of states, to no political body, or ideological or religious group, and to no special interests. Its sole authority is its worldwide membership upon whom it depends for direction, support and finance.

Amnesty International has adopted a number of rules to help protect this independence. No member who occupies a high post with any government or political party can at the same time hold a leading position in Amnesty International. Similarly no member of the governing International Executive Committee can take part in decisions affecting his or her own country. Nor is any staff member at the International Secretariat permitted to take decisions on his or her own country. There are also rules restricting the extend to which Amnesty International works with other national and international bodies. Yet another rule is that no Amnesty International section or group is allowed to work for prisones or issue public statements about human rights violations in its own country.

In the critical realm of finances too, Amnesty International deligently guards its independence by a stringent set of guidelines. These regulations have a common imperative; Amnesty International must remain and be seen to remain, wholy independent.

**Commitment to International Responsibility**

Amnesty International was created as a forum in which its members in whatever country could discharge their International responsibility towards victims of human rights regulations in other countries-not in their own countries because, to safeguard Amnesty Internation's independence of action, and to show by example that human rights are an international responsibility.

Human rights are the birthright of every individual and universal. Every person has the duty to respect the human rights of others and to seek their defence whenever they are violated. This responsibility, set forth in the charter of the United Nations, has yet to be recognized dishonoured in practice.

If this principle of international responsibility for human rights is to be given more than lip service, the national of the world has to rethink and modify one of the sacred principles of international relations : non-interference in the internal affairs of a state.

In becoming part of Amnesty International we promote a new vision of international responsibility in human rights as set forth in the Universal declaration of human rights. This vision knows no national borders where human rights are concerned. It sees only an international family : the human family. Few aspects of Amnesty International's work are more important than the promotion of this vision, in word and indeed. It is not until the nations of this world fully recognize and respect international responsibility in human rights that the dawn of the universal realization of human rights can begin.



ഇത്തരത്തിലുള്ള ഒരു ചെറിയ ശ്രമത്തിലൂടെ വ്യാപകമായ മനുഷ്യാവകാശ ലംഘനങ്ങളുടെ മുഴുവൻ ചിത്രവും വരച്ചിടുക സാധ്യമല്ല. അടിസ്ഥാനപരവും പ്രാധാന്യമർഹിക്കുന്നതുമായ പല കാര്യങ്ങളും പ്രതിപാദിക്കാൻ തന്നെ കഴിഞ്ഞിട്ടില്ല. ചിലവ വളരെ കുറച്ചുമാത്രമേ പ്രതിപാദിച്ചിട്ടുള്ളു. എങ്കിലും മനുഷ്യനു നേരെയുള്ള ഏറ്റവും വലിയ വെല്ലുവിളി ആയുധപന്തയവും വൻകിട രാജ്യങ്ങളുടെ വിപണി കയ്യടക്കാനുള്ള സമരങ്ങളുമാണ്. മനുഷ്യ കുലത്തിന്റെ നിലനിൽപ്പിനു തന്നെ ഭീഷണിയാവുന്ന അണ്വായുധശേഖരങ്ങൾ അവയുടെ പുത്തൻ പരീക്ഷണങ്ങൾ. ലോകത്തിലെ ജനതയെയാകെ പട്ടിണി മരണങ്ങളിലേയ്ക്കും ആത്മഹത്യയിലേയ്ക്കും നയിക്കുന്ന ആത്മാവില്ലാത്ത കച്ചവട മൽസരങ്ങൾ. വൻകിട ശക്തികൾ ഇപ്പോൾ തന്നെ സ്വായത്തമാക്കിയിരിക്കുന്ന ലോകത്തെ അനേകം തവണ കൊല്ലുവാൻ ശേഷിയുള്ള നശീകരണായുധങ്ങൾ. നഷ്ട്ടപ്പെട്ട അനേകം കോടി പണം, പാഴായി പോയ അനേകം വിഭവങ്ങൾ ഇവയൊന്നും ഇപ്പോഴും ജനതകളേയും, ഗവൺമെന്റുകളേയും പ്രത്യയശാസ്ത്രങ്ങളേയും യുദ്ധത്തിന്റെ അപകടത്തേയും, സമാധാനത്തിന്റെ വിലയേയും പറ്റി പഴിച്ചിട്ടില്ല. മനുഷ്യന്റെ നന്മയ്ക്കും വികസനത്തിനും യുദ്ധം വരുത്തുന്ന വിനകളെ പറ്റി ഇനിയും നമ്മൾ ബോധവാൻമാരായിട്ടില്ല. യുദ്ധം മരണവും ചോര പട്ടിണിയും കഷ്ടപ്പാടും ഉപേക്ഷിക്കപ്പെടലുമാണ്. പഴയ യുദ്ധങ്ങളുടെ കാലവും കഴിഞ്ഞിരിക്കുന്നു. അന്ന് യുദ്ധത്തിൽ വിജയമുണ്ടായിരുന്നു. ഇന്നുള്ള യുദ്ധത്തിൽ ആരും ജയിക്കുന്നില്ല. വിജയിയും പരാജയപ്പെട്ടവനുമില്ലത്ത യുദ്ധം. അല്ല പരാജയപ്പെട്ടവരുണ്ട് അത് മനുഷ്യസമൂഹം മുഴുവനാണ്.

ഒരു പാടുജനതകളുടെ ഭാഗധേയും വളരെ കുറച്ചുപേർ നിർണ്ണയിക്കുന്ന യുദ്ധങ്ങൾ മനുഷ്യത്വ രഹിതമാണ്. അത് മനുഷ്യനെ ഇല്ലാതാക്കുകയും മൃഗചോദനകളെ ഉണർത്തുകയും ചെയ്യുന്നു. നമ്മിൽ നിന്ന് തികച്ചും അന്യമായവർ, ചതിസ്വായത്തമാക്കിയവർ ആഗോള വിപണിയിലൂടെ മൽസരിക്കാൻ ശേഷിയില്ലാത്തവനോട് മൽസരിക്കുന്നതായി നടിച്ചുകൊണ്ട്, ലാഭത്തിലൂടെ, സ്വകാര്യവൽക്കരണങ്ങളിലൂടെ നമ്മുടെ വിഭവങ്ങളും, അധ്വാനവും, വിയർപ്പും അപഹരിക്കുന്നു. നമ്മളെ അവർ എങ്ങനെ കൊല്ലുന്നു എന്നുപോലും നമ്മളറിയുന്നില്ല. ആയുധമില്ലാത്ത ബലപ്രയോഗമില്ലാത്ത, ചിരിച്ചുകൊണ്ട്, നമ്മുടെ ചിന്തകളെ അപഹരിച്ചുകൊണ്ട്, സാംസ്ക്കാരത്തിന്റെ ഉടുതുണി പറിച്ചുകൊണ്ട് ജനസംഖ്യയുടെ പട്ടിണി മാറ്റുവാൻ, രോഗികളെ ചികിത്സിക്കുവാൻ ഭവനരഹിതരായ അനേകർക്ക് അത് നൽകുവാൻ ചെലവാക്കേണ്ട പണം, ചെലവാക്കേണ്ട വിഭവങ്ങൾ, ആയുധിക ശാസ്ത്ര-സാങ്കേതിക വിദ്യയുടെ സദ്ഫലങ്ങൾ എല്ലാം അവർ കൈയ്യടക്കിയിരിക്കുന്നു.

ഇതിൽ ദു:ഖിതരും ദേഷ്യപ്പെട്ടവരുമായി നോക്കിയിരിക്കുക മാത്രം ചെയ്യുന്ന നമ്മൾ. ഇല്ല അങ്ങനെയായാൽ നമ്മൾ ഒറ്റപ്പെട്ടുപോകും, ഇല്ലാതാകും ഇതിനെതിരെ പ്രതികരിക്കേണ്ടതുണ്ട്. സംഘടിതരാകേണ്ടതുണ്ട്. സമരം ചെയ്യേണ്ടതുണ്ട് പ്രതിരോധത്തിന്റെ ചെറിയ ചെറിയ തുരുത്തുകൾ പടുത്തുയർത്തേണ്ടത് നമ്മുടെ ആസൂത്രണത്തിലൂടെ, നമ്മുടെ ബുദ്ധിയിലൂടെ, നമ്മുടെ ചിന്താശേഷിയിലൂടെ നമുക്ക് മുന്നോട്ട് പോകേണ്ടതുണ്ട്. നമ്മുടെ അവകാശങ്ങൾക്കായി നമുക്ക് പൊരുതേണ്ടതാണ്. പ്രതിരോധങ്ങൾ രൂപപ്പെടുന്നുണ്ട്. നമുക്ക് ചുറ്റിലും കണ്ണു തുറന്നു കാണുകയേ വേണ്ടൂ. അഭിമാനിയായ മനുഷ്യന്റെ സർഗ്ഗകലാപങ്ങൾ രൂപപ്പെടുന്നുണ്ട് ചുറ്റിലും മഹത്തായ നമ്മുടെ ജീവിതം, മനോഹരമായ നമ്മുടെ ഭൂമി അവ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പരിചകളാകാം നമുക്ക് - ഈ കാലഘട്ടം നമ്മിൽ നിന്നാവശ്യപ്പെടുന്നു.

***മാനവികതയുടെ മഹത്തായ പതാക പാറിക്കുവാൻ***

***മനുഷ്യാവകാശത്തിനായി നമുക്ക് കലാപം ചെയ്യാം***

***ഈ ഭൂമി നമ്മുടേതാക്കി തീർക്കാം***

***പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയും***

***ഭൂമിയുടെ കേന്ദ്രം മനുഷ്യനുമാക്കി തീർക്കാം***




ലത.ബി
B.A. II



# കിളിയൊഴിഞ്ഞ കൂട്

അമ്പലത്തിൽ നിന്ന് ഉയർന്നു കേൾക്കുന്ന കീർത്തനധ്വനി മിനിയെ തഴുകിയുണർത്തി. പതുക്കെ എഴുന്നേറ്റ് ജനാലപ്പടികൾ തുറന്നിട്ട് അവൾ കിടക്കയിലേയ്ക്ക് ചാഞ്ഞു. ഒഴുകി എത്തിയ തണുത്ത കാറ്റിന് പാലപ്പൂവിന്റെ ഗന്ധം. തുളസിത്തറയുടെ ചുവട്ടിൽ നിന്നായിരിക്കാം നേർത്ത നാമജപം ഉയരുന്നത്. മുത്തശ്ശിയാകാനേ വഴിയുള്ളൂ. താനുണർന്നത് ആരും അറിഞ്ഞിട്ടുണ്ടാവില്ല. മുറ്റത്തെ തൈമാവിൽ കാക്കകളുടെ കലപില ശബ്ദം. അവൾ മുറ്റത്തേയ്ക്ക് നോക്കി. മാവിന്റെ ഉയർന്ന കൊമ്പിൽ ആ കൂട് അവൾ ശ്രദ്ധിച്ചു. കിളിയൊഴിഞ്ഞ ഒരു ചെറിയ കൂട്. തന്റെ മനസ്സുപോലെ..... അവൾ മന്ത്രിച്ചു. ചുവന്ന ചുണ്ടും ചെറിയ കണ്ണുകളുമുള്ള തന്റെ കിളിക്കുഞ്ഞ് എവിടെയായിരിക്കും. വേണ്ട ഒന്നും ഓർക്കാതിരിക്കുന്നതാണ് നല്ലത്. എന്നിട്ട് പെയ്തു വീഴുന്ന ഓർമ്മകളിൽ തെളിയുന്ന ചിത്രങ്ങൾക്ക് ശബ്ദവും, വെളിച്ചവും, നിറവും നിറഭേദവുമുണ്ടാകുന്നു. പുഷ്പിച്ചു നിൽക്കുന്ന റോസാച്ചെടികളിലേയ്ക്ക് അവൾ നോക്കി. അവയ്ക്കുചുറ്റും പാറുന്ന ചിത്രശലഭങ്ങൾ കണ്ണിന് ഇമ്പം നൽകുന്നു. അവയുടെ സമീപത്ത് ഓടിച്ചെല്ലാനും പുഷ്പദളങ്ങളെ പരിലാളിക്കാനും അവൾക്ക് കൊതി തോന്നി. തനിയ്ക്കൊരിക്കലും മറ്റൊരു ശലഭമായി പാറി നടക്കാൻ കഴിയില്ലല്ലോ...... വെറുതേ കിടക്കവേ ആ മെല്ലിച്ച പെൺകുട്ടിയുടെ മിഴികൾ നീർകണങ്ങളാൽ നിറഞ്ഞു. സ്വപ്നമോ യാഥാർത്ഥ്യമോ എന്നറിയാത്ത സംഭവ ദൃശ്യങ്ങൾക്കും നോവിന്റെ അനേകം സന്ധ്യകൾക്കും ശേഷം തിരിച്ചറിയപ്പെടാൻ ഒരിക്കലും കഴിയാത്ത വിധി തനിക്കു നൽകിയത് തന്റെ സ്വപ്നങ്ങളുടെ ശവമഞ്ചമാണല്ലോ..... എന്നോർത്ത് മിനി മിഴിനീരൊപ്പി.

വളപ്പൊട്ടുകൾ വീണുടയും പോലുള്ള ചിരിയുടെ ശബ്ദം കേട്ട് അവൾ മെല്ലെ തലയുയർത്തി. ഗീതയും ശോഭയുമാണ്. അമ്പലത്തിലേയ്ക്കാണ്. അതോ കാവിലേയ്ക്കോ? എന്റെ ദേവീ നീ എനിക്ക് മാത്രം എന്തിനീ വിധി തന്നു. ഞാനാഗ്രഹിച്ചതെല്ലാം തട്ടിത്തെറിപ്പിച്ച് സ്വപ്നങ്ങൾ നഷ്ടപ്പെട്ട ശൂന്യമനസ്സുമായി കഴിയാനുള്ള വിധി. കുറിചാർത്തിയ ഗീതയുടെ മുഖം മിനിയുടെ മനസ്സിൽ തെളിഞ്ഞു വന്നു. ഇന്ന് എന്താണാവോ വിശേഷം? കഴിഞ്ഞ രാത്രിയുടെ അന്ത്യയാമങ്ങളിലെപ്പോഴൊക്കെയോ മുത്തശ്ശിയുടെ ഒച്ച കേട്ടത് ഓർമ്മ വരുന്നു. അവൾ നീലച്ചുമരിൽ തൂക്കിയിട്ട കലണ്ടറിലേയ്ക്ക് നോക്കി. ഇന്ന് ആതിരയാണ്. ധനുമാസത്തിലെ തിരുവാതിര. ഇന്ന് തന്റെ പിറന്നാളാണ്. 18-ാം പിറന്നാൾ ശിഥിലമാക്കുന്ന ചിന്തകൾ അവൾക്ക് നിയന്ത്രിക്കാൻ കഴിഞ്ഞതേയില്ല. പണ്ട് തന്റെ കാലുകൾ എപ്പോഴും നൃത്തത്തിന്റെ ചുവടുവച്ചിരുന്നു. പറമ്പിൽ നിൽക്കുന്ന പൂവാലിപ്പശുവിനെ ശുണ്ഠിപിടിപ്പിക്കാൻ അതിന്റെ കിടാവിന്റെ പുറകേ പായുമായിരുന്നു. എന്നും തുളസിത്തറയുടെ മുറ്റത്ത് ചൂലുകൊണ്ട് ചിത്രവേല നടത്തിയിരുന്നു. മുറ്റത്തെ തൈമാവിന്റെ ചില്ലയിൽ വലിഞ്ഞുകയറിയിട്ട് അമ്മയെ കൊഞ്ഞനം കാട്ടിയിരുന്നു. അന്ന് ആ മാവിൽ കിളിക്കൂട് ഉണ്ടായിരുന്നു. അതിൽ ഒരു കിളിക്കുഞ്ഞും. ഇന്ന് അതെല്ലാം ഓർമ്മകൾ മാത്രം. ഇനി ഒരിക്കലും തിരിച്ചുവരാത്ത ധന്യനിമിഷങ്ങൾ മാത്രം.......

എങ്ങനെയായിരുന്നു വിധി ഈ ക്രൂരത അടിച്ചേൽപ്പിച്ചത്. കോളേജിൽ പോകാൻ പടിയിറങ്ങുമ്പോൾ കാറിൽ പോകാനുള്ള മാമന്റെ ക്ഷണം അന്ന് സ്നേഹപൂർവ്വം നിരസിച്ചത് എന്തിനായിരുന്നു. നിറയെ തിരക്കുള്ള ബസ്സിൽ കയറിയപ്പോൾ ആശ്വാസമായിരുന്നു. പക്ഷേ.... എവിടെയോ വച്ച് നിയന്ത്രണം നഷ്ടപ്പെട്ട ബസ്സിൽ നിന്നും പുറത്തേയ്ക്ക് തെറിച്ചതോർക്കുന്നു. ആ അവ്യക്തമായ ഓർമ്മയിൽ നിന്നും മോചിതയാകുമ്പോൾ ആശുപത്രിയുടെ ചുവരുകൾക്കുള്ളിലായിരുന്നു. ചുറ്റും നിന്ന് വിതുമ്പുന്ന അമ്മയേയും അച്ഛനേയും മുത്തശ്ശിയേയും വീണ്ടും കാണാൻ കഴിഞ്ഞല്ലോ എന്നോർത്ത് സന്തോഷിച്ചപ്പോഴോ താൻ അറിഞ്ഞിരുന്നില്ല ഇനി മരിച്ചുകൊണ്ടാണ് ജീവിക്കാൻ പോകുന്നതെന്ന്. തനിക്കിനി ഒരിക്കലും ചിലങ്ക കെട്ടി നൃത്തം ചെയ്യാൻ കഴിയില്ല എന്ന്. ഇനിയൊരിക്കലും ഓടാനോ ചാടാനോ കഴിയില്ല എന്ന്. ഇനി തന്റെ മുട്ടുകൾക്ക് താഴെ ശൂന്യത മാത്രമാണെന്ന്.

അവളുടെ കണ്ണീരാൽ തലയിണ കുതിർന്നു. മിനിയുടെ ദു:ഖം കണ്ടാകണം കിടയ്ക്കരികിലിരുന്ന കുറിഞ്ഞിപ്പൂച്ച പതുക്കെ കരഞ്ഞത്. അവൾ അതിനോട്




**പാർവ്വതി**
I. D.C (Zoology)



# നീരജ

നീരജയെ കാണാനുള്ള എന്റെ യാത്ര തുടങ്ങിയപ്പോൾ എന്റെ മനസ്സ് വല്ലാണ്ട് വിങ്ങുന്നുണ്ടായിരുന്നു. വണ്ടിയിൽ കയറി ഇരിക്കുമ്പോഴും എന്തോ അറിയില്ല, വല്ലാത്ത ഒരു മരവിപ്പ്, അതോ ഒരോ വേദനയോ? അറിയില്ല ......... അതേ വർഷങ്ങൾക്ക് ശേഷവും അവളെന്റെ മുന്നിലുണ്ട്. കാറ്റിൽ ആടിതിമിർക്കുന്ന വള്ളിപോലെയായിരുന്നു അവൾ. കാറ്റൊന്നു തലോടിയാൽ അത് മതിമറന്നാടുമായിരുന്നു. അതുപോലെ തന്നെ മരവിച്ച നിശ്ചലതയും അതിനുണ്ടായിരുന്നു. നിശ്ശബ്ദത പലപ്പോഴും അവളുടെ ആഭരണമായിരുന്നു. ആരു കണ്ടാലും മോഹിക്കുന്ന ആഭരണം. പക്ഷേ ആ കണ്ണുകൾ എന്തിനൊക്കെയോ വേണ്ടി ദാഹിക്കുന്നുണ്ടായിരുന്നു.

പ്രകൃതിപോലും അവളെ എതിരേൽക്കാൻ കാത്തു നില്ക്കുന്നു. അവളുടെ സങ്കല്പം പോലെ തന്നെ അന്തരീക്ഷത്തിന് വല്ലാത്ത സ്നിഗ്ദത. പൂക്കളുടെ ഇതളുകൾ തൊട്ടുരുമ്മിയിരിക്കുന്ന നീർത്തുള്ളി താഴെ വീണ് ഭൂമിയിൽ ലയിക്കാൻ കാത്തു നില്ക്കുകയാണെന്ന് തോന്നുന്നു. അതോ അവ പൂവിന്റെ കണ്ണീരാണോ അറിയില്ല. അവളുടെ ഓരോ സങ്കൽപ്പത്തിനും വളരെ വളരെ വ്യത്യാസമുണ്ടായിരുന്നു. അവയ്ക്ക് നാം കൊടുക്കുന്ന interpretations ആയിരുന്നില്ല അവളുടേത്. ശരിക്കും ഒരരക്കിറുക്ക്.

നീരജയെ നിനക്കറിയാമോ ? ഇല്ല ഇന്നും പൂർണ്ണമായറിയില്ല ആർക്കും...... അവളുടെ തീരുമാനം എന്തിന്റെ പ്രതീകമായിരിക്കും. അവൾ പറയാറുള്ളതുപോലെ ജീവിതത്തിനോടുള്ള വെറുപ്പോ അതോ മരണത്തോടുള്ള ആസക്തിയോ. അറിയില്ല. എങ്കിലും ഒന്നറിയാം വളരെ തീവ്രമായിരുന്നു അവളുടെ വികാരങ്ങൾ. പൊട്ടിത്തെറിക്കാൻ വെമ്പുന്ന അഗ്നിപർവ്വതം പോലെ അവൾ പലപ്പോഴും പറയാറുണ്ടായിരുന്നു. I hate life എന്ന്.

Hostel-ലിൽ വച്ച് അവളറിയാതെ ഞാൻ വായിച്ച അവളുടെ diary യുടെ ഓരോ താളിലും ഞാൻ അറിഞ്ഞ ഒരു വികാരമായിരുന്നു വെറുപ്പ്. അവൾ പറയാറുണ്ടായിരുന്നു എല്ലാവർക്കും എന്നോട് സഹതാപമാണെന്ന്. അവൾ പലപ്പോഴും എന്നോട് ചോദിച്ചിരുന്നു അവനും എന്നോട് സഹതാപമാണോന്ന്. മറുപടി പറയാൻ കഴിയില്ലായിരുന്നു എനിക്ക്. ആർക്കും...........

അവളുടെ വീടിന്റെ പടികയറുമ്പോൾ തന്നെ എനിയ്ക്കനുഭവപ്പെട്ടു ആ നനവ്. അതേ അവളുടെ മനസ്സിന്റെ നനവ്. ഞാൻ അറിയാതെ അവളോട് ഞാൻ വല്ലാണ്ട് അടുക്കുന്നു. അതേ, അവൾ ഉറങ്ങുകയായിരുന്നു, ശാന്തമായി. അവളുടെ മുഖത്ത് എനിയ്ക്കൊരു ജേതാവിന്റെ ഭാവം തോന്നി. അതേ ജീവിതം ആവശ്യപ്പെട്ടപ്പോൾ ഒന്നും കൊടുത്തില്ല. എല്ലാം കൊടുത്തപ്പോൾ അതിനോട് ചെയ്യാവുന്ന ഏറ്റവും വലിയ പ്രതികാരം അതേ. The best revenge.

---

മന്ത്രിച്ചു. എന്റെ കുറിഞ്ഞീ..... നിനക്കറിയുമോ ഈ ഇല്ലത്തെ സുന്ദരിക്കുട്ടിയുടെ ദു:ഖം. അപ്പോഴും കുറിഞ്ഞി നിശ്ശബ്ദതയെ ഭഞ്ജിച്ച് കരഞ്ഞുകൊണ്ടേയിരുന്നു.

മിനീ..... നീ ഉണർന്നുവോ മോളെ. അടുത്തുവരുന്ന ശബ്ദം കേട്ടപ്പോൾ ആളെ മനസ്സിലായി അമ്മയാണ്. മോളെ എഴുന്നേൽക്കൂ ഇന്ന് നമുക്ക് അമ്പലത്തിൽ പോകണം. ഇന്ന് എന്താ വിശേഷം എന്ന് കുട്ടി മറന്നുപോയോ ? ഇന്ന് തിരുവാതിരയാണ്. നിന്റെ 18-ാം പിറന്നാൾ. അവളുടെ മുഖത്ത് നിസ്സഹായത പടർന്നു. അമ്മ പതുക്കെ അവളുടെ വദനം കയ്യിലൊതുക്കി. ഒഴുകാനെത്തിയ കണ്ണീർ കണങ്ങളെ തുടച്ചുമാറ്റിയ അമ്മയുടെ ചൈതന്യമാർന്ന രൂപം മിനിയ്ക്കാശ്വാസമേകി. അപ്പോഴൊക്കെ...... ജീവിതവ്യർത്ഥത മൂടൽമഞ്ഞുപോലെ അവളെ പൊതിഞ്ഞു. തന്റെ ഏക മകളുടെ വിധിയോർത്ത് കരഞ്ഞു കണ്ണീർ വറ്റിയ അമ്മയുടെ മുഖത്ത് നോക്കിക്കൊണ്ട് അവൾ എഴുന്നേറ്റു. അപ്പോൾ വീലുരുളുന്ന ശബ്ദം അവൾക്ക് കേൾക്കാമായിരുന്നു. ഇനി തന്റെ ഏക ആശ്രയമായ വീൽച്ചെയർ ഉരുട്ടി അച്ഛൻ വരുന്നതും കാത്ത് അവൾ നോക്കിയിരുന്നു. കിളിയൊഴിഞ്ഞ കൂടുപോലെ ശൂന്യമായിരുന്നു അപ്പോഴും സ്വപ്നങ്ങൾ നഷ്ടപ്പെട്ട അവളുടെ മനസ്സ്.

Anish Bose
II Physics

# OUR DUTY TOWARDS THE MOTHER LAND

After Independence the Motherland became most probably the greatest causalty in India. The Motherland is free and we have nothing to do for her. We have almost come to think that Motherland is different from in her inhabitants. Our forefathers sacrificed a lot to free her. Now that she is free we take her freedom for granted. The true concept of the motherland was given by Jawaharlal Nehru. He said that by Motherland we mean the land, the rivers, the mountains and all the natural wealth and all the people of the country. Thus, we too are part of the Motherland. If we work for the prosperity of the Motherland, we work for our own prosperity.

Our greatest duty towards the Motherland is to create a national consciousness among the people, especially the youth. They should realize that the suffering of the Motherland is our suffering. We should unite and strengthen the country so that it may not been enslaved again. The forces that were responsible for the partition of India are always ready to raise their head. We should always be alert and vigilant.

To serve the sons and the daughters of the Mother is to serve the Mother. There is widespraed ignorance, illiteracy and poverty among at least eighty percent of the people. They can never be removed by the effort of the government alone. The youth of India should step into the arena to directly attack these problems and solve them.

Jai Hind !





ബിച്ചു. എൻ

# പ്രണയത്തെയും വിപ്ലവത്തേയും കുറിച്ച്

*വിപ്ലവം*

എന്റെ കൂടെയുള്ളവർ ഒരു വിളക്കിനായി കാത്തിരിക്കുന്നുണ്ട്.
എന്റെ കൂടെയുള്ളവർ ഹരി, റസ്സൽ, പിന്നെ പേരറിയാത്ത ഒരുപാട് പേർ.
അവർ ഒരു വിളക്കിനായി കാത്തിരിക്കുന്നുണ്ട്.
പ്രകാശത്തിനായി കാത്തിരിക്കുന്നുണ്ട്.
പള്ളിമണികൾ ശവപ്പെട്ടികൾക്ക് വേണ്ടിയെന്നപോലെ.
എരിക്കിലകൾ സൂര്യനെയെന്ന പോലെ.
പഴഞ്ചൊല്ലിലെ വേഴാമ്പൽ മഴയ്ക്കായെന്നപോലെ.
പഴയ കഥയിലെ അഹല്യ രാമനെയെന്നപോലെ
അവരെല്ലാവരും ഒരു വിളക്കിനായി കാത്തിരിക്കുന്നുണ്ട്.
ഞങ്ങളെല്ലാവരും ഒരു വിളക്കിനായി കാത്തിരിക്കുന്നുണ്ട്.
പെട്ടെന്ന് ഇരുട്ടാവുകയും
ഞങ്ങളെല്ലാവരും കമ്മിററി മുറിയിലകപ്പെടുകയും ചെയ്തു
ഞങ്ങളെല്ലാവരും ചർച്ചചെയ്തു
ഞങ്ങളെല്ലാവരും സർക്കുലർ കേട്ടു
ഞങ്ങളെല്ലാവരും തിരികെവന്നു- വിപ്ലവമില്ലാതെ:

*പ്രണയം*

അഗാധഹൃത്തം, കരുണം
അരയാലില തന്നാന്ദോളനം
സ്വപ്നം വാസവദത്തം
ഒരു കരിമിഴി തന്നണയാത്തിരി
വർഷത്തു മുക്കിയൊരു മൗനനാംബരം
പിന്നെയൊരു നിദാഘത്തിൽ പ്രഭാവം
ചൈത്രം, ബുദ്ധിപൂർണ്ണിമായാമം
സീൽക്കാര കാമം, ഉടലിന്റെ ദാഹം
ചെണ്ട, ചേങ്ങില, മദ്ദളം
പച്ച കുത്തിയൊരിലത്താളം
അസുരവാദ്യം പൊടിക്കുന്ന മൈഥുനം
രൂപം മോഹനം, ഭാവം ഘോരരാവണം

JESSY. P. JOHN
IB2



Deepa Ramchandran
I English

## LOOKING BACK

Those were the days of precious gifts
Those were the hours of infinite bliss
Hailing glory to the rising days
Crownig moments of golden blaze.

Memories afresh haunt my heart
Waves of the sweet past revive the depart
Classmates' favouerte, teachers pet
The era has ended; my eyes are wet

What all games we used to play
What all things we used to say
Ripening our views day by day
Like grain in the warmth of May

As this sacred temple of knowledge
Makes clear its graceful face in my dream
Throws in me a sense of longing though in vain
To be in its midst once again!

## വിധി



നരർ നാം കളിക്കോപ്പുകൾ
വിധി തൻ കരങ്ങളിൽ
യന്ത്രങ്ങൾ നാം അനുസരിക്ക
വിധി തൻ കല്പനകൾ
വിധി തൻ താത്പര്യമേ
പാവങ്ങൾ തൻ ജീവിതം
വിധി കാട്ടും വീഥിയിലൂടെ
ആശയടക്കി നാം സഞ്ചരിക്ക
വിധിയെ നാം എതിർക്കുമെങ്കിലോ
ജ്വലിക്കും പക സുനിശ്ചിതം
തന്മൂലം ഒതുങ്ങീടേണം നാം
വിധി തൻ ചട്ടക്കൂടതിൽ
പ്രതിക്ഷണം നീ കാർന്നൊരെൻ ജീവിതം
അതിലിനി നിനക്കായ് എന്തുള്ളൂ
ഇനി നിൻ പാതയിലൂടെൻ ജീവന്റെ സഞ്ചാരം
ഇനി നിൻ പാതയിലൂടെൻ ജീവിത സഞ്ചാരം
ഇവിടെയെൻ മോഹങ്ങൾ തൻ വിരാമം
ഇവിടെയെൻ സ്വപ്നങ്ങൾ തൻ വിരാമം
ഇവിടെയെൻ ജീവിത നരകം തന്നാരംഭം
ഇവിടെയെൻ ജീവിത സ്വർഗ്ഗം തന്നന്ത്യം

"There is no finer investment for any community than putting milk into babies"
Sir Winston Churchill
Radio broadcast,1943

"The childhood shows the man  As mornig shows the day"
John Milton
*Paradise Regained*



Fortuna Britto
I English



# MY COLLEGE

Astonishment - that was what I felt when I stepped into the grounds of Thangal Kunju Musliar College is Science and Arts for the first time. For a moment I wounderd whether I had come to the right place. I had expected to see the compound full of students who had bunked their classes and playing the fool, making all sorts of noises , But there was not a soul in sight. Actually, the silence was deafening.

Since I had done my plus-two, at a scool I was curious to know what college life was all about. I did have an idea, though, from my friends who had done their pre-degree at colleges. I had heard of students cutting classes, lecturers arrving and departing as and when they pleased, no notes, no tests.

But, T.K.M was entirely different. Almost all the students attended each and every class because the teachers made the classes intetresting. Every hour was lively, every teacher regular and friendly. There were tests conducted because of which the students had an urge to learn.

The teachers here were really different. They were always there to give supporting hand to needy student. All the classes were lively since the teachers asked questions. I always looked forward to such sessions because, answering a question always excites me. And when I was unable to answer a question, the disappointment was so great that it was almost as if I had failed in an examination.

My friends had told me that there was not a single college which had escaped that clutches of the evil practiced ragging. But there is no such things as ragging in my college. On the other hand it was fascinating to see how the seniors came out of their way to welcome us.

From my youngest years, I had always regarded T.K.M College of Engineering with awe. The grand campus impress me and I call it, the Red Fort of Quilon. Today, even though I am not doing my degree there, I am proud to say that I am a student of an institution of T.K.M group. I realy would have missed a great deal if I hadn't come to T.K.M. College of Arts & Science.

"Lacking all sense of right and wrong, a child can do nothing that is morally evil, or that merits either punishment or reproof."
Jean Jacaques Rousseau
*Emile*



NON-TEACHING STAFF WITH SECRETARY



NCC GIRL CADETS WITH PRINCIPAL



FOUNDER'S DAY






ബി. ഷാജി
Ist B. Com



# എന്റെ ശ്രീക്കുട്ടിയ്ക്ക്

"നന്ദേട്ടാ....." ആ വിളികേട്ട് കുളക്കരയിൽ ഇരിക്കുകയായിരുന്ന നന്ദു തിരിഞ്ഞ് നോക്കി. ശ്രീക്കുട്ടി ആയിരുന്നു. "നന്ദേട്ടൻ എന്താ ഇവിടെ വന്നിരിക്കുന്നത്" കുസൃതിച്ചിരിയോടെ അവൾ നന്ദുവിന്റെ അടുത്ത് വന്നിരുന്ന് ചോദിച്ചു. "കല്ല്യാണത്തിന്റെ ബഹളത്തിൽ നിന്ന് ഒഴിഞ്ഞ് ഇരിക്കാമെന്ന് കരുതി" നന്ദു മറുപടി പറഞ്ഞു. "ഞാൻ വന്നപ്പോ നന്ദേട്ടനെ അവിടെയെങ്ങും കാണാണ്ട് ഇങ്ങോട്ട് പോന്നു" അവൾ നന്ദുവിന്റെ ചുമലിലേയ്ക്ക് ചാരിയിരുന്ന് കൊണ്ട് പറഞ്ഞു. "ഏട്ടന്റെ കല്ല്യാണം കഴിഞ്ഞ് എനിക്കും സുന്ദരിയായ ഒരു പെൺകുട്ടിയെ വിവാഹം ചെയ്യണം" നന്ദു പറഞ്ഞു.

"അപ്പോൾ നന്ദേട്ടന് എന്നെ വേണ്ട അല്ലേ....?"

തെളിഞ്ഞ നീലാകശത്ത് ഇരുൾ വന്ന് മൂടിയതു പോലെ അവളുടെ മുഖം കറുത്തു. നന്ദു അവളുടെ മുഖത്തേക്ക് നോക്കി കൊണ്ട് പറഞ്ഞു.

"നിന്നെയൊന്നും എനിക്ക് വേണ്ട, മത്തങ്ങാ കണ്ണി......"

"നന്ദേട്ടൻ മറ്റൊരു പെണ്ണിനേയും കൊണ്ട് വരുമ്പോൾ ഞാൻ കാണില്ല. ഈ കുളത്തിൽ ചാടി മരിക്കും" അവൾ ആ കുളത്തിലേയ്ക്ക് ചൂണ്ടിക്കൊണ്ട് പറഞ്ഞു.

പുലരുമ്പോൾ പുഞ്ചിരിച്ചു നിൽക്കുന്ന പൂവിൽ മഞ്ഞ് തുള്ളികൾ നിറയും പോലെ അവളുടെ കൺതടം നിറഞ്ഞു. ആ നിറകണ്ണ് കണ്ട നന്ദു അവളെ വാരിപ്പുണർന്നു.

"ഈ ജന്മത്തിലും അടുത്ത ജന്മത്തിലും ഈ തൊട്ടാവാടിയെ അല്ലാതെ മറ്റാരേയും ഈ നന്ദേട്ടൻ വേളികഴിക്കില്ല." നന്ദു അവളുടെ മൃദുലമായ തലമുടിയിൽ തലോടിക്കൊണ്ട് പറഞ്ഞു.

"നന്ദുവേ..... നിന്റെ കളി അൽപ്പം കൂടുന്നുണ്ട്" മുത്തശ്ശിയുടെ സംസാരം കേട്ട് ശ്രീക്കുട്ടി പെട്ടെന്ന് ഓടിമറഞ്ഞു. നന്ദു അൽപ്പം ലജ്ജയോടെ തിരിഞ്ഞപ്പോൾ തൊട്ട് പിറകിൽ മുത്തശ്ശി. നന്ദു ചെറുചിരിയോടെ മുത്തശ്ശിയെ നോക്കി. മുത്തശ്ശി നന്ദുവിന്റെ തോളിൽ തട്ടിക്കൊണ്ട് പറഞ്ഞു "എടാ നന്ദുവേ... ഇനിവെച്ച് താമസിക്കണില്ല. ഏട്ടന്റെ വേളി കഴിഞ്ഞാൽ ഉടനെ തന്നെ പൂമുഖത്ത് മറ്റൊരു പന്തൽ ഒരുക്കും. എല്ലാം മതിയാവോളം കണ്ട്, ന്റെ പൈതങ്ങളേയും താലോലിച്ചതിന് ശേഷമേ കണ്ണടയ്ക്കാവൂ എന്നാണ് എന്റെ ആഗ്രഹം". നന്ദു ഒന്നും മിണ്ടിയില്ല. മുത്തശ്ശി തുടർന്നു. "ശ്രീക്കുട്ടി പാവമാണ് ഇത്തിരി മതി പിണങ്ങാൻ, അമ്മയില്ലാതെ വളർന്ന കുട്ടിയല്ലേ. നീ എന്ന് പറഞ്ഞാൽ അവൾക്ക് ജീവനാ. തറവാട്ടീന്ന് വന്നയുടനെ തിരക്കിയത് നിന്നെയാണ്. ഇനി എല്ലാം നീയാണ്. അവൾക്ക് നീ ഒരിക്കലും അവളെ വിഷമിപ്പിക്കരുത്".

"ഇല്ല മുത്തശ്ശി! ഒരിക്കലും വേദനിപ്പിക്കില്ല. ഓർമ്മവെച്ച നാൾ മുതൽ അവൾ തന്നെയാണ് എന്റെ മനസ്സിൽ" മുത്തശ്ശിയുടെ കൈയ്യിൽ പിടിച്ചുകൊണ്ട് നന്ദു പറഞ്ഞു "മുത്തശ്ശിക്ക് സന്തോഷമായി കുട്ടി......." മുത്തശ്ശി പതിയെ നടന്ന് പോയി.

"വേണ്ടായിരുന്നു, പാവം കുട്ടി. അവളുടെ മുഖത്ത് ഒരിറ്റ് കണ്ണീർ വീഴുന്നത് ഇഷ്ടമല്ലാത്ത താൻ തന്നെ ശ്രീക്കുട്ടിയെ കരയിപ്പിച്ചു." നന്ദുവിന് ദു:ഖം തോന്നി.

മോഹം നിറയും മനസ്സോടെ എല്ലാം ഓർത്ത് കൊണ്ട് നിറപറയുടേയും നിലവിളക്കിന്റെയും മുന്നിൽ ഏട്ടന്റെ കല്യാണമുഹൂർത്തവും നോക്കി ഇരിക്കയായിരുന്നു നന്ദു. "ഇനിയൊരു കാത്തിരിപ്പ് വയ്യ. മുത്തശ്ശി പറഞ്ഞപ്പോലെ ഇനിയൊരു മുഹൂർത്തത്തിൽ ശ്രീക്കുട്ടിയെ സ്വന്തമാക്കണം" നന്ദുവിന്റെ മനസ്സ് മന്ത്രിച്ചു.

"നന്ദു മോനെ" അമ്മയുടെ ഇടറിയ സ്വരം കേട്ടാണ് നന്ദു ഓർമ്മയിൽ നിന്നുമുണർന്നത്. "എന്താ അമ്മേ എന്ത് പറ്റി" നന്ദു അമ്മയുടെ അടുത്തേക്ക് ചെന്ന് ചോദിച്ചു. "നമ്മുടെ കല്യാണവണ്ടിയിൽ ഒന്ന് എതിരെ വരികയായിരുന്ന മറ്റൊരു ബസ്സുമായി കൂട്ടിമുട്ടി. നിന്റെ ശ്രീക്കുട്ടി ഒഴികെ ബാക്കിയുള്ളവർ എല്ലാവരും രക്ഷപ്പെട്ടു. നിന്റെ ശ്രീക്കുട്ടി നിന്നെവിട്ടു പോയി". നന്ദുവിന് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല നന്ദു പൊട്ടിപ്പൊട്ടി കരഞ്ഞു. സ്വബോധം പോലും നഷ്ടപ്പെട്ടിരുന്നു.

ദു:ഖങ്ങൾ തിമിർത്താടിയ ദിവസങ്ങൾ ഒന്നൊന്നായി കൊഴിഞ്ഞ് വീണു. എല്ലാം തകർന്ന് ഇരിക്കയായിരുന്ന നന്ദുവിന്റെ അടുത്തേക്ക് മുത്തശ്ശി വന്ന് തലോടികൊണ്ട് പറഞ്ഞു. "മോനെ ഇനി എല്ലാം മറക്കണം നല്ലൊരു വിവാഹമൊക്കെ കഴിച്ച് സന്തോഷമായി കഴിഞ്ഞൂടെ". നന്ദു പറഞ്ഞു. "എല്ലാം അറിയാവുന്ന മുത്തശ്ശി തന്നെ ഇത് പറഞ്ഞല്ലോ". "കുട്ടി നിന്റെ പോക്ക് കണ്ട് പറഞ്ഞ് പോയതാണ്". മുത്തശ്ശി ആശ്വസിപ്പിച്ചു. "ഇല്ല മുത്തശ്ശി! ഞാൻ എന്റെ ശ്രീക്കുട്ടിക്ക് കൊടുത്ത വാക്ക് പാലിക്കാൻ അടുത്ത ജന്മം വരെ കാത്തിരിക്കും" നന്ദുവിന്റെ ആ വാക്കുകളിൽ ഒരു പാട് ദു:ഖങ്ങൾ കലർന്നിരുന്നു. നന്ദു തന്റെ ശ്രീക്കുട്ടിക്ക് കൊടുത്ത വാക്ക് പാലിക്കാൻ തന്റെ കാത്തിരിപ്പ് തുടരുന്നു.

**ഷബീർ അഹമ്മദ് എസ്.**
III Maths

# കാർഗിൽ - ഇന്ത്യൻ സൈന്യത്തിന്റെ ധീരത

ഇന്ത്യയുടെ കാശ്മീർ എന്ന അവിഭാജ്യ ഘടകം നമ്മുടെ സൈന്യത്തിന്റെ ത്യാഗോജ്ജ്വലവും, ധീരോദാത്തവുമായ മുന്നേറ്റത്തിലൂടെ വിജയം നേടിത്തന്നിരിക്കുകയാണ്. കാർഗിൽ കുന്നുകളിൽ സർവ്വ ആയുധസന്നാഹവുമായി തമ്പടിച്ചിരുന്ന നുഴഞ്ഞു കയറ്റക്കാരെ നിയന്ത്രണരേഖ മറികടക്കാതെ തുരത്തുക എന്ന അതീവ ദുഷ്കരമായ ദൗത്യം സേന പരിപൂർണ്ണ അർപ്പണ മനോഭാവത്തോടെ പൂർത്തികരിച്ചിരിക്കുകയാണ്. പകലെന്നോ, രാത്രിയെന്നോ, ഭേദമില്ലാതെ വിശപ്പിനെയും, കൊടും തണുപ്പിനെയും, ചൂടിനേയും വകവയ്ക്കാതെ നമ്മുടെ പ്രദേശം നമ്മിലേക്ക് തന്നിരിക്കുകയാണ്. അവർക്ക് എന്തു പ്രത്യുപകാരം നല്കിയാലും, അതു അധികമാവില്ല.

തന്ത്രപരമായും ഒരു പാടു പരിമിതികളിലാണു നമ്മുടെ സൈനികർ പോരാടിയത്. സംയമനം പാലിക്കുമെന്നും, നിയന്ത്രണ രേഖ കടക്കില്ലെന്നുമുള്ള രാഷ്ട്രീയ നേതൃത്വത്തിന്റെ തീരുമാനങ്ങൾ സൈനികർ അക്ഷരം പ്രതി അനുസരിച്ചു. ഒരു ശത്രുതാവളം പിടിച്ചെടുക്കുവാൻ വേണ്ടി ഇന്ത്യൻ സേന പല തവണ ആക്രമണം നടത്തേണ്ട സ്ഥിതിയാണ് ഉണ്ടായത്. ആയതിനാൽ നുഴഞ്ഞു കയറ്റക്കാരെ ഒഴിപ്പിക്കാൻ വളരെയധികം കഠിനാധ്വാനം ചെയ്യേണ്ടിവന്നു. നാനൂറിലധികം സൈനികർ വീരമൃത്യു വരിച്ചു. ഇതിന്റെ മൂന്നിരട്ടിയിലേറെ പേർ പരുക്കേറ്റു ആശുപത്രികളിലുണ്ട്. മരിച്ച സൈനികരിൽ നല്ലൊരു ശതമാനം ഓഫീസർമാരാണെന്നത് ശ്രദ്ധേയമായ വസ്തുതയാണ്. ഇന്ത്യൻ സേനയുടെ മഹത്തായ പാരമ്പര്യം പിന്തുടർന്നു കൊണ്ട് ഓഫീസർമാർ നേരിട്ടു യുദ്ധമുന്നണിയിൽ പൊരുതി.

കാർഗിലിൽ പാക്കിസ്ഥാൻ നുഴഞ്ഞു കയറ്റക്കാരെ പ്രോത്സാഹിപ്പിക്കുന്നതു തടയാൻ വേണ്ടിയുള്ള പാകിസ്ഥാന്റെ നയതന്ത്രരംഗത്തെ തിരിച്ചടി പിന്മാറ്റത്തിന് പ്രേരകമായി. കാശ്മീർ പ്രശ്നത്തിൽ മൂന്നാമതൊരു രാജ്യത്തിന്റെ മധ്യസ്ഥത ഇന്ത്യ അനുവദിച്ചിരുന്നില്ല. പാകിസ്ഥാൻ പ്രധാനമന്ത്രി നവാസ് ഷരീഫ് രാഷ്ട്രത്തോടായി ചെയ്ത പ്രസംഗത്തിൽ കാശ്മീർ പ്രശ്നം പരിഹരിക്കുന്നതുവരെ കാർഗിൽ പോലെയുള്ള ലാവകൾ പൊട്ടിപുറപ്പെടുമെന്നു മുന്നറിയിപ്പു നൽകിയിരിക്കുകയാണ്. നുഴഞ്ഞു കയറ്റക്കാരായ മുജാഹിദീൻ ഒളിപ്പോരാളികളെ പ്രശംസിച്ച അദ്ദേഹം കാർഗിൽ കയ്യേറ്റത്തിലൂടെ 'കാശ്മീർ പ്രശ്നം' രാജ്യന്തര വൽക്കരിക്കാൻ കഴിഞ്ഞതായി അവകാശപ്പെട്ടു.

സൗഹൃദ ദൂതുമായി ലാഹോറിൽ ചെന്ന ഇന്ത്യൻ പ്രധാനമന്ത്രി വാജ്‌പേയിയുടെ സ്നേഹത്തിനെ പാകിസ്ഥാൻ പിന്നിൽ നിന്നു കുത്തിയെന്നാണു വാജ്‌പേയുടെ പരിഭവം. പക്ഷേ നുഴഞ്ഞു കയറ്റം അതിനു മുൻപു തുടങ്ങി. കാർഗിൽ കുന്നുകളിൽ നമ്മുടെ സേന നിർമ്മിച്ച ബങ്കറുകളിൽ കയറി ഇരുന്നാണു പാക് സൈനികരും നുഴഞ്ഞു കയറ്റക്കാരും ഷെല്ലാക്രമണം നടത്തിയത്. ഇതു മുൻ കൂട്ടി കാണുന്നതിൽ നമ്മുടെ ഇന്റലിജൻസ് വിഭാഗം പരാജയപ്പെട്ടു. എന്നാൽ തികഞ്ഞ അർപ്പണ മനോഭാവത്തോടും, ആത്മധൈര്യത്തോടും ഒരാൾ മറ്റൊരാളുടെ ജീവൻ സംരക്ഷിക്കുന്നതിൽ മുഴുകിയും 'ഓപ്പറേഷൻ വിജയ്' എന്ന പ്രക്രിയയിലൂടെ അല്പം വൈകിയാണെങ്കിലും നമ്മുടെ എല്ലാ സ്ഥലങ്ങളും തിരിച്ചു പിടിച്ചു.

കാർഗിലിൽ നമ്മുടെ സൈനികർ പൊരുതുന്ന വേളയിൽ പ്രധാനമന്ത്രി വാജ്‌പേയി സംയമനം പാലിച്ചു രാജ്യത്തിനു നേതൃത്വം നല്കി. പക്ഷേ, അദ്ദേഹത്തിന്റെ സഹമന്ത്രിമാരും, ബി.ജെ.പി നേതാക്കളും വിവാദങ്ങൾ സൃഷ്ടിച്ചും അതൊരു മുതലെടുപ്പാക്കാൻ നോക്കി. എന്നാൽ നമ്മുടെ സൈനികരുടെ വീരോദാത്തമായ ഈ മുന്നേറ്റം രാഷ്ട്രീയ ലാഭത്തിനു അടിയറവു വെയ്ക്കാൻ ഉള്ളതല്ല. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് അതുല്യവും ശ്രേഷ്ഠവുമായ വിജയം നേടി തരാൻ നമ്മുടെ സൈന്യം അക്ഷീണം പരിശ്രമിച്ചു. 'ലാഹോർ പ്രഖ്യാപന' ത്തോടെ ഇന്ത്യയുടെ സമീപനം ലോക രാഷ്ട്രങ്ങൾ അംഗീകരിച്ചു. കാർഗിൽ പ്രശ്നത്തിൽ നമ്മുടെ സൈനികരുടെ മനോവീര്യത്തോടൊപ്പം രാജ്യത്തെ മുഴുവൻ ജനങ്ങളെയും ഒറ്റക്കെട്ടായി നിർത്താൻ സാധിച്ചു. ഈ വിജയം അവർക്കുള്ളതാണ്. അവരുടെ മാത്രം!



**Aseena A.**
II C1

# STUDENTS AND POLITICS

There was nothing so respectable as politics during freedom struggle. It meant sacrifice and suffering Students played a very important role in politics during freedom struggle. But the attitude towards politics has changed completely today. It is condidered as a mere business now. Politics has almost become a synonym for a game of crookedness and treachery.

This is an unhealthy attitude and should be changed. India is a democratic country. We are living in a world controlled by politics. So to shun politics means to turn our back on realities. So we must develop an abiding interest in it whether we like it or mot.

Politics can be brought back to its old glory by students. The evil attitude towards it can be changed by them. Most people think that politics leads to disasters on the campus. Often these disasters occur due to lack of proper guidance and good leadership.

Nowadays we oftern hear of student indiscipline in schools and colleges. This is because these students have no clear aims or concrete programmes of action. Often their energy is mis used for destructive purposes Students go on strike for silly reasons and disrupt work.The whole academic atmosphere in colleges in vitiated. Many colleges are closed for months at a stretch due to these problems. Students must realise that their main duty is to study.

They should remember Lenin's immortal advice to a group of students who wanted to take part in revolutionary work: "A student has three duties.The first is to study. The second is to study. The third is to study. "They are the citizens of tomorrow. Everything other than studies is secondary. How tragic that realising this they go to colleges with knives and cycle chains!

We should not hold the students exclusively responsible for the violenve caused by them in campus. A comprehensive investigation of this violence would surely help us to identify the hands behind the political violence on the campus. Some leaders misuse student politics for their political gain. They play with the lives of many innocent students. Steps should be taken to put an end to this.

Students play an important role in the regeneration of the nation. They should feel a deep resposibility towards the nation. They should make use of their surplus energy for the development of the nation. A better India should always be their desire and dream.



ഒരുപാടു സ്വപ്നങ്ങളായിരുന്നു.
ഒന്നും ചേലായില്ല. തൊട്ടുരുമ്മി
നിന്നവർ സ്നേഹിച്ചു സ്നേഹിച്ച്
ഈ തായ്ത്തടി മാത്രമായി.
അയൽക്കാടുകളുടെ
വസന്തപ്പുളപ്പു കാണുമ്പോൾ
പൂക്കാനും തളിർക്കാനും പൂതി.
എന്തുചെയ്യാം മേലാകെ മുരടിച്ചു
പോയില്ലേ? വിദൂരതയിൽ നിന്ന്
വെള്ളവും വളവും എത്തിച്ചു
തരാൻ ഇനിമേൽ സാധ്യമല്ലെന്ന്
വേരുകളുടെ പിണക്കം. വല്ലപ്പോഴും
ഒരിയ്ക്കൽ ഇളവേൽക്കാൻ വരുന്ന
പേരറിയാപക്ഷിമാത്രം ഇപ്പോൾ
തുണയായി. അതും എത്രനാൾ!
കടയ്ക്കൽ കോടാലിവീഴുന്നതും
കാത്ത്..........

ഫോട്ടോ: സി.രാജേന്ദ്രൻ
ദേശാഭിമാനി





**ദിലീപ്. എം. ആർ**
രണ്ടാം വർഷ ഗണിതശാസ്ത്രം



# ഇരുപത്തിയൊന്നാം നൂറ്റാണ്ടും ഇന്ത്യൻ ജനാധിപത്യവും

ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യകിരണങ്ങളേറ്റു 'മയങ്ങുന്ന' ഭാരതത്തിന് വിവിധ മേഖലകളിൽ വൈകല്യങ്ങൾ അനവധിയുണ്ട്. വികസനങ്ങൾ കടലാസിൽ വിശ്രമിക്കുമ്പോഴും ഇതര രാഷ്ട്രങ്ങളേയും ബഹുദൂരം പിന്നിലാക്കികൊണ്ടുള്ള ദാരിദ്രമേഖലയുടെ പ്രയാണം ഇന്നും തുടരുന്നു. ഈ വിഷയം അവലോകനം ചെയ്യുമ്പോഴാണ് സ്വാതന്ത്ര്യാനന്തര ഭാരതം എന്തു നേടി എന്ന ചോദ്യത്തിന് പ്രസക്തിയേറുന്നത്. ഇരുപതാം നൂറ്റാണ്ടിൽ, ഭാരതത്തിന്റെ 'പടവലം' പോലുള്ള വളർച്ചയ്ക്കിടയിലൊരു പ്രഹസനമായിരുന്നില്ലേ സുവർണ്ണ ജൂബിലിയാഘോഷം. വികസന സ്വപ്നങ്ങൾ സാക്ഷാത്കരിക്കേണ്ടത് സർക്കാരിന്റേയും ജനങ്ങളുടേയും കടമയാണ്. ഈ ഉദ്ദേശ്യത്തോടു കൂടിയാകാം അർധ ഫെഡറൽ പാർലമെന്ററി ജനാധിപത്യത്തിന് ഭരണഘടന വിഭാവനം ചെയ്യുന്നത്. ഭരണഘടന ശില്പികളുടെ സങ്കല്പം എത്രത്തോളം പ്രാവർത്തികമാക്കിയെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഇന്ന് വർദ്ധിച്ചു വരുന്ന രാഷ്ട്രീയ അരാജകത്വത്തിന്റേയും ജനാധിപത്യധ്വംസനത്തിന്റേയും ഫലമായി "രാഷ്ട്രം തോറ്റു രാഷ്ട്രീയം ജയിച്ചു" വെന്ന ദയനീയ സ്ഥിതിയിലേയ്ക്ക് കൂപ്പുകുത്തി. "അർദ്ധ നഗ്നമായ പാർലമെന്റിൽ പരിപൂർണ്ണ നഗ്നരായി രാജാവും അണികളും 'അഭിനയിക്കുമ്പോൾ' അത് കണ്ടാസ്വദിക്കാനേ ജനാധിപത്യത്തിന്റെ കാവൽ ഭടന്മാരായ നമുക്ക് കഴിയുകയുള്ളൂ". ഇങ്ങനെ വേണ്ടത്ര വീണ്ടു വിചാരമില്ലാതെ രാഷ്ട്രീയ പ്രചണ്ഡഘോഷങ്ങൾ മുഴുക്കുന്നത് ഇന്നത്തെ രാഷ്ട്രീയ കക്ഷികൾക്കനുസൃതമാണോ? ഇന്ത്യൻ ജനാധിപത്യം എന്ന വിഷയത്തിലൊരു പുനർവിചിന്തനം അത്യന്താപേക്ഷിതമാണ്. കൂടാതെ കാലഹരണപ്പെട്ട് ശുഷ്ക്കമായ ഇന്ത്യൻ പാർലമെന്ററി ജനാധിപത്യത്തിന്റെ കാലിക പ്രസക്തിയെക്കുറിച്ച് പുനരവലോകനം ചെയ്യേണ്ട കാലവും അതിക്രമിച്ചിരിക്കുന്നു.

ഒരു രാജ്യത്തിലും കക്ഷിസമ്പ്രദായം മുകളിൽ നിന്ന് ആർക്കും അടിച്ചേല്പിക്കാൻ കഴിയില്ല. പ്രത്യേകിച്ച്, പാർലമെന്ററി ജനാധിപത്യത്തിൽ രാജ്യത്തിന്റെ സാമൂഹിക രാഷ്ട്രീയ സംസ്കാരത്തിന്റേയും തിരഞ്ഞെടുപ്പ് സമ്പ്രദായത്തിന്റേയും സമന്വയമാണ് ആ നാട്ടിൽ കാലാകാലങ്ങളിൽ മാറിവരുന്ന കക്ഷി സമ്പ്രദായം. പാർലമെന്ററി ജനാധിപത്യത്തിന്റെ അടിസ്ഥാനം തന്നെ ശക്തമായ, ആരോഗ്യപരമായ മത്സരത്തിൽ നിന്ന് ഉടലെടുക്കുന്ന കക്ഷി സമ്പ്രദായമാണ്. ഭാരതത്തിലാകട്ടെ 'ഏകകക്ഷി പ്രാമുഖ്യമുള്ള' കക്ഷിസമ്പ്രദായം ദേശീയ തലത്തിൽ ഏതാണ്ട് മുപ്പതു വർഷത്തോളം കാലം നേരിട്ടു. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ നാലു ദേശീയ തിരഞ്ഞെടുപ്പും ഏഴ് സർക്കാരുകളും നമ്മെ കടന്നു പോയി. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ പണ്ഡിറ്റ്ജിയും ഇന്ദിരാജിയും മാത്രമേ അൽപ്പം ഉറപ്പോടെ 'ഇരുന്നുള്ളൂ'. നെഹ്റു ആകട്ടെ 'കാമരാജ് പ്ലാൻ' എന്നൊരു പദ്ധതികൊണ്ട് തനിക്ക് വെല്ലുവിളിയായേക്കാവുന്ന പലരേയും രംഗത്ത് നിന്ന് മാറ്റി നിർത്തി. മരിച്ചു വീഴുവോളം പ്രധാനമന്ത്രിയായി തുടർന്നു. ഇന്ദിരാജിക്ക് രണ്ടു പ്രാവശ്യമായി 15 കൊല്ലം ഭരിക്കാൻ കഴിഞ്ഞു. രാജീവ് ഗാന്ധി അഞ്ചുകൊല്ലം ഭരിച്ചു. മൊറാർജിദേശായി, ചരൺസിംഗ് തുടങ്ങിയവർ യഥാക്രമം 77–79 വരെയും,1979–1980 വരെയും മാത്രമേ 'ഭാരിച്ച ഉത്തരവാദിത്വം' വഹിക്കാൻ കഴിഞ്ഞുള്ളൂ. സകലപ്രതാപങ്ങളും ഉണ്ടായിട്ടും വിശ്വനാഥ് പ്രതാപ്സിംഗ് ഒരു വർഷം തികച്ചില്ല. 1991 ജൂൺ–24 ന് പ്രധാനമന്ത്രി പദമേറ്റ സർവ്വകൊലവല്ലഭനായ പി.വി നരസിംഹറാവു കേവല ഭൂരിപക്ഷമില്ലെങ്കിലും കാലാവധി തികച്ചു. പിൻഗാമികളായ വാജ്പേയി, ദേവഗൗഢ, ഗുജറാൾ തുടങ്ങിയ [illegible]ണിപോരാളികൾക്ക് 'ഡെമോക്ലീസിന്റെ വാൾകീഴിൽ 'ഉപവിഷ്ടരാകാനെ കഴിഞ്ഞുള്ളൂ. ഈ അനുഭവങ്ങളുടെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ ഭരണം നടക്കണമെങ്കിൽ ജനാധിപത്യത്തിനു തന്നെ അപകടമായി തീരുന്ന അസ്ഥിത അകറ്റിയേ പറ്റൂ. രാഷ്ട്രീയ പാർട്ടികളുടെ ബാഹു[illegible]ൂറുമാറ്റവും, ഉൾപ്പാർട്ടി ജനാധിപത്യത്തിന്റെ തകർച്ച[illegible] ഒരു [illegible] ഈ അസ്ഥിരതയുടെ നിദർശനമായി കണക്കാക്കാം. രാഷ്ട്രീയ അനി